# സ്ക്കൂൾ സ്കൂപ്പ്

**2k24**

## നിൽക്കാത്ത തുടിതാളം

# 48

YEARS

## സുബുലുസ്സലാം ഹയർ സെക്കന്ററി സ്ക്കൂൾ മൂർക്കനാട്

# സ്ഥാപകൻ



1919-2012

അഹമ്മദ് കുട്ടി ഹാജി കൊല്ലത്തൊടി പ്രദേശത്തെ അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകനും വിരമിച്ച സൈനിക ഉദ്യോഗസ്ഥനുമായിരുന്നു.മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി പഞ്ചായത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പ്രദേശത്ത് വിദ്യാഭ്യാസവും സാമൂഹികമായും ഉന്നമനവും നേടിയ ഒരു സമൂഹമാണ് അദ്ദേഹം സ്വപ്നം കണ്ടത്.1976 ൽ സുബുലുസ്സലാം ഹൈസ്കൂൾ സ്ഥാപിതമായി.

**K Ahammed Kutty Haji**

# മാനേജറിൽ നിന്നും,



ലോകം സാങ്കേതികവിദ്യയുടെ കൈകളിലാണ്. സാങ്കേതികവിദ്യ അനുദിനം മാറിക്കൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യയുടെ വ്യാപ്തികളിലൊന്ന് വിദ്യാഭ്യാസത്തിലെ സാങ്കേതികവിദ്യയാണ്. വിദ്യാഭ്യാസ രംഗത്തെ ഈ സാങ്കേതിക വിദ്യയുടെ തുടക്കങ്ങളിലൊന്നാണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സിലൂടെ വിദ്യാർത്ഥികൾക്ക് ഹാർഡ്‌വെയർ, ആനിമേഷൻ, ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിംഗ്, വെബ് ഡിസൈനിംഗ് തുടങ്ങിയവയിൽ പരിശീലനം ലഭിക്കുന്നു. സ്കൂൾ മാഗസിൻ ഇതിന്റെ ഏറ്റവും വലിയ തുടക്കമാണ്. അതിനാൽ അവരുടെ എല്ലാ പ്രവർത്തനങ്ങളും വിജയിക്കട്ടെ എന്ന് ആശംസിക്കുന്നു



# പ്രിൻസിപ്പാളിൽ നിന്നും,



വിദ്യാർത്ഥികളിലെ
സർഗ്ഗാത്മക രചനകളുടെ ആവിഷ്ക്കാരം
സാധ്യമാക്കുന്ന പ്രവർത്തനങ്ങളാണ് മികവുറ്റ
പ്രതിഭകളെ സൃഷ്ടിക്കുന്നത്.ഇ-വായന
ആവിഷ്ക്കാര വൈവിധ്യങ്ങളുടെ വിപുലമായ
ലോകമാണ്. ഈ ലോകത്തേക്ക് പുത്തൻ
ആശയങ്ങളുമായ് , ക്രിയാത്മക
പ്രവർത്തനങ്ങളുമായ് ചെന്നെത്തുന്ന സ്കൂൾ ലിറ്റിൽ
കൈറ്റ്സ് മാഗസിൻ പ്രവർത്തനങ്ങൾക്ക്
എല്ലാവിധ ഭാവുകങ്ങളും നേരുന്നു...



# പ്രധാനദ്ധ്യാപികയിൽ നിന്നും,



മൂർക്കനാട് സുബുലുസ്സലാം ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്ന് നിർമ്മിച്ച ഡിജിറ്റൽ മാഗസിനിലെ സൃഷ്ടികൾ സുന്ദരവും, ലാളിത്യമുള്ളതും, പ്രയോജനപ്രദവും ആണ്. അറിവിന്റെ പുത്തൻ വാതായനങ്ങൾ ഡിജിറ്റൽ ലോകം നമുക്ക് തുറന്ന് തരികയാണ്. നമ്മുടെ വിദ്യാർത്ഥികളിൽ അന്തർലീനമായ വിവിധ കഴിവുകൾ സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിപോഷിപ്പിക്കാനാവും. ഇതിന്റെ ഭാഗമാണ് ഈ ഡിജിറ്റൽ മാഗസിൻ. ഈ ഡിജിറ്റൽ യുഗത്തിൽ ഈ കൂട്ടായ്മ ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഈ മാഗസിൻ തയ്യാറാക്കുന്നതിന് കൂട്ടായ പ്രവർത്തനം നടത്തിയ കുട്ടികൾക്കും , പ്രോത്സാഹനവും പിന്തുണയും നൽകിയ പ്രിയ അധ്യാപകർക്കും അഭിനന്ദനങ്ങൾ. ഇനിയും അവസരങ്ങൾക്കനുസരിച്ച് പ്രവർത്തിച്ച് ഒരുപാട് ഉയരങ്ങളിലെത്താൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.



# വിരമിക്കുന്നവരിൽ നിന്നും,



സുബുലുസലാം ഹയർ സെക്കന്ററി സ്കൂൾ പാഠ്യപ്രവർത്തനങ്ങളിലും, പാഠ്യേതര പ്രവർത്തനങ്ങളിലും ഒരുപോലെ മികവ് പുലർത്തുന്നുണ്ട്. ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി ക്ലബിന്റെ ആഭിമുഖ്യത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കി. സബ്ജില്ലയിൽ നാളിതു വരെയായി ഐ.ടി മേളകളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് സുബുലുസലാം ഹയർ സെക്കന്ററി സ്കൂളിന് തന്നെയാണ്. ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങളിലൂടെ ഒട്ടേറെ കുട്ടികൾ ഐ.ടി മേഖലകളിൽ മിന്നുന്ന പ്രകടനം കാഴ്ചവെച്ചു. കുട്ടികളിൽ താൽപര്യവും, ആവേശവും നിറക്കാൻ ലിറ്റിൽകൈറ്റ്സിന്റെ പ്രവർത്തനങ്ങൾ കൊണ്ട് കഴിഞ്ഞു.

SSHSS മൂർക്കനാട് ഹൈസ്കൂളിൽ 26 വർഷം ഗണിത അധ്യാപകനായ ഞാൻ 31-5-2024 ന് സർവ്വീസിൽ നിന്ന് വിരമിക്കുമ്പോൾ , വളരെ മികച്ച ഒരു സ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുവാൻ കഴിഞ്ഞതിൽ ഏറെ അഭിമാനിക്കുന്നു.

സ്കൂളിലെ ലിറ്റിൽകൈറ്റ്സിൻ്റെ ആഭിമുഖ്യത്തിൽ തയ്യാറക്കുന്ന സ്കൂൾ മാഗസിന് എല്ലാവിധ ആശംസകൾ നേരുന്നതോടൊപ്പം , ഇതിന് നേതൃത്വം നൽകിയ എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു.



# വിരമിക്കുന്നവരിൽ നിന്നും,



വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ എഴുത്തുകളും വരകളും ചേർത്ത് വെക്കുന്ന ഒരുപാട് വേദികൾ നമ്മുടെ വിദ്യാലയത്തിലുണ്ടാവാറുണ്ട്. ആധുനിക ലോകത്തിൽ സാങ്കേതിക വിദ്യകളുടെ അതിപ്രസരണം നടന്നു കൊണ്ടിരിക്കുകയാണല്ലോ , ഈ ലോകവും കീഴടക്കിക്കൊണ്ടിരിക്കുകയാണ് നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ . കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഇവർ തയ്യാറാക്കുന്ന ഈ സ്കൂൾ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു



# വിരമിക്കുന്നവരിൽ നിന്നും,



പ്രിയ വിദ്യാർത്ഥികളെ,

ഇപ്പോൾ ലോകം മാറ്റത്തിന് വിധേയമായികൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യയുടെ ദ്രുതഗതിയിലുള്ള വികസനം കാരണം എല്ലാവരും എല്ലാ മേഖലകളിലും  ഇഴചേർന്നിരിക്കുന്നു. വളർന്നുവരുന്ന ലോകത്തിലേക്ക് വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിന് ലിറ്റിൽ കൈറ്റ്സിന്റെ പ്രാധാന്യം അനിവാര്യമാണ്. നിങ്ങൾക്ക് വളരെ സന്തോഷകരവും സമൃദ്ധവുമായ ഭാവി ആശംസിക്കുന്നു.



# വിരമിക്കുന്നവരിൽ നിന്നും,



സാങ്കേതിക വിദ്യാ മേഖലകളിൽ വൻകുതിപ്പാണ് ലോകം നടത്തിക്കൊണ്ടിരിക്കുന്നത്.സാങ്കേതിക പരിജ്ഞാനവും പരിചയവും ഇന്ന് ഓരോ വ്യക്തിക്കും അത്യന്താപേക്ഷിതമാണ്. ഈ രംഗത്ത് രാജ്യത്തിന്റെ വൻപ്രതീക്ഷയായി വളർന്ന് വരുന്ന ലിറ്റിൽ കൈ റ്റ്സിലെ കുരുന്നുകൾക്ക് ശോഭനമായ ഭാവി ആശംസിക്കുന്നു.



## വിരമിക്കുന്നവരിൽ നിന്നും,



വളർന്നു വരുന്ന കുട്ടികൾക്ക് അവരുടെ ഒളിഞ്ഞിരിക്കുന്ന കഴിവുകൾ വീക്ഷിപ്പിക്കുന്നതിൽ ഒരു എളിയ സംരംഭം നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ആരംഭിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഈ സംരംഭം വിജയിക്കട്ടെ എന്ന് പറഞ്ഞുകൊണ്ട് എല്ലാവിധ ഭാവുകളും ആശംസിച്ചു കൊള്ളുന്നു



## മുൻ പ്രധാനാധ്യാപകനിൽ നിന്നും,



ആധുനിക ലോകത്ത് നമ്മുടെ ജീവിതത്തിന്റെ നിലവാരത്തെ ടെക്നോളജി വളരയധികം സ്വാധീനിച്ചിരിക്കുന്നു.കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്തവർ നിരക്ഷരരായികണക്കാക്കപ്പെടുന്ന കാലമാണിത്. വിദ്യാർത്ഥികളുടെപഠന മേഖലകളിലും ഉദ്യോഗരംഗത്തും ബിസിനസ് സംരംഭങ്ങളിലും എല്ലായിടത്തും കമ്പ്യൂട്ടർ ടെക്നോളജി വലിയ പിന്തുണ നൽകുന്നു. വിദ്യാർത്ഥികൾസ്കൂൾകാലഘട്ടത്തിൽ പരിചയപ്പെടുന്ന ഓഫീസ്പ്രോഗ്രാമിങ്,ഗ്രാഫിക്സോഫ്റ്റ്വെയറുകൾഎല്ലാംഭാവിയിലെവലിയസാധ്യതകളിലേക്ക്വിരൽചൂണ്ടുന്നവയാണ്.ഈസാഹചര്യത്തിൽ,ലിറ്റിൽകൈറ്റ്സ് അംഗങ്ങളായവർക്കെല്ലാം അഭിനന്ദനങ്ങൾ അറിയിക്കുന്നു.ഭാവിയിൽ എല്ലാമേഖലകളിലും വിജയിക്കുന്നതിനുള്ള സാങ്കേതിക മികവ് നേടാൻ സാധിക്കട്ടെയെന്ന്ആശംസിക്കുകയുംചെയ്യുന്നു.



# എഡിറ്റോറിയൽ ടീം















# മ്മടെ സ്ക്രൂള്




ഊർങ്ങാട്ടിരി പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് സംഭാവന നൽകുന്നതിൽ ഒന്നാമതായി വിലയിരുത്തപ്പെടുന്ന സ്ഥാപനമാണ് സുബുലുസ്സലാം ഹയർ സെക്കൻഡറി സ്കൂൾ. 1976-ൽ എട്ടാം ക്ലാസിൽ നാല് ഡിവിഷനുകളിലായി 141 വിദ്യാർത്ഥികളും 8 സ്റ്റാഫ് അംഗങ്ങളുമായി ആരംഭിച്ച ഈ വിദ്യാലയം ഇന്ന് മലപ്പുറം ജില്ലയിലെ വലിയ ഹയർസെക്കൻഡറി സ്കൂളുകളിലൊന്നായി വളർന്നിരിക്കുന്നു. ഇപ്പോൾ, സ്കൂളിന് ഹൈസ്കൂൾ വിഭാഗത്തിൽ 35 ഡിവിഷനുകളുണ്ട്, ടീച്ചിംഗ് സ്റ്റാഫ് ശക്തി 54 ഉം 5 സപ്പോർട്ടിംഗ് സ്റ്റാഫ് അംഗങ്ങളുമുണ്ട്. 1998-ൽ 1998-1999 അധ്യയന വർഷത്തിൽ മൂന്ന് (3) ബാച്ചുകളുള്ള സ്കൂൾ,ഹയർ സെക്കൻഡറി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. [സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകൾ ഓരോന്നും]. ഇപ്പോൾ, ഹയർസെക്കൻഡറി വിഭാഗത്തിന് 9 ബാച്ചുകൾ ഉണ്ട് [2-ബയോളജി സയൻസ്, 2-കമ്പ്യൂട്ടർ സയൻസ്, 2-ഹ്യൂമാനിറ്റീസ്, 3-കൊമേഴ്സ്] ഗസ്റ്റ് അധ്യാപകരും 2 ടീച്ചിംഗ് സ്റ്റാഫും ഉൾപ്പെടെ 40 ടീച്ചിംഗ് സ്റ്റാഫ് പാരെന്നും ആകെ 2500 വിദ്യാർത്ഥികളുമുണ്ട്.പാഠ്യ-പാഠ്യേതര മേഖലകളിലെ മികച്ച പ്രകടനത്തിന് പുറമേ സ്കൂളിലെ വിദ്യാർത്ഥി സമൂഹത്തിന്റെ ബഹുമുഖ വികസനം ലക്ഷ്യമിട്ട് വിവിധ ക്ലബ്ബുകളും ഫോറങ്ങളും സ്കൂളിൽ പ്രവർത്തിക്കുന്നു.




എൻസിസി,എൻഎസ്എസ്, ജെആർസി, സ്കൗട്ട് ആൻഡ് ഗൈഡ്, സൗഹൃദ ക്ലബ്, കരിയർ ഗൈഡൻസ് ആൻഡ് അഡോളസന്റ് കൗൺസലിംഗ് യൂണിറ്റ്, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം(അസാപ്).ലിറ്റിൽ കൈറ്റ്സ് തുടങ്ങിയവ മികച്ച പ്രകടനങ്ങളിലൂടെ സ്ഥാപനത്തിന് നല്ല മനസ്സ് നൽകുന്ന വിഭാഗത്തിൽ പെടുന്നു. ഹൈടെക്വൽക്കരിച്ചതും പൊടിപടലമില്ലാത്തതുമായ ക്ലാസ് മുറികൾ, വിപുലമായ സൗകര്യങ്ങളുള്ള

ലബോറട്ടറികൾ, ഉപകരണങ്ങൾ മുതലായവ, മൾട്ടിമീഡിയ സ്മാർട്ട് ക്ലാസ് മുറികൾ, ലൈബ്രറി, ജൈവ വൈവിധ്യ ഉദ്യാനം, കളിസ്ഥലം, ക്യാമറ നിരീക്ഷണ കാമ്പസ്, ശുദ്ധമായ കുടിവെള്ള സൗകര്യം തുടങ്ങിയവ സ്കൂളിലെ മികവിന്റെ ശ്രദ്ധേയമായ അടിസ്ഥാന സൗകര്യങ്ങളാണ്. ഞങ്ങളുടെ സ്കൂളിൽ പഠിക്കുന്ന ഭൂരിഭാഗം വിദ്യാർത്ഥികളും സാമ്പത്തികമായി ദുർബലരും സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരുമായ വിഭാഗത്തിൽ പെട്ടവരാണ്. ഇക്കാരണത്താൽ ഞങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥി സമൂഹം വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നു. ഇതൊരു യാഥാർത്ഥ്യമാണ്. സ്കൂളിൽ പഠിക്കുന്ന ഭൂരിഭാഗം വിദ്യാർത്ഥികൾക്കും ഹൈസ്കൂളിൽ പ്രവേശനം നേടുമ്പോൾ ഒരു എട്ടാം ക്ലാസ് വിദ്യാർത്ഥിക്ക് ഉണ്ടായിരിക്കേണ്ട മുൻകൂർ അറിവ് ഇല്ലാത്തതിനാൽ സ്കൂൾ മാനേജ്മെന്റിനും സ്റ്റാഫ് കമ്മ്യൂണിറ്റിക്കും ഒരു വലിയ ഉത്തരവാദിത്തം ഉണ്ടെന്ന് ഈ നിലയിൽ നമുക്ക് ആധികാരികമായി പറയാൻ കഴിയും. അരീക്കോട് ഉപജില്ലയിൽ എസ്എസ്എൽസി പരീക്ഷയെഴുതുന്ന ധാരാളം വിദ്യാർത്ഥികളെ സജ്ജരാക്കുകയും കഴിഞ്ഞ അധ്യയന വർഷങ്ങളിൽ ശ്രദ്ധയാകർഷിക്കുന്ന ഫലങ്ങൾ പുറത്തുകൊണ്ടുവരികയും ഒട്ടേറെ ആവേശകരമായ ഫലങ്ങൾ സൃഷ്ടിക്കാൻ സ്കൂളിന് കഴിഞ്ഞു. കഴിഞ്ഞ അധ്യയന വർഷത്തിൽ സ്കൂൾ 100% എസ്എസ്എൽസി വിജയം നേടി ഫുൾ എ പ്ലസ് ഉത്പാദകരുടെ റാങ്ക് ലിസ്റ്റിൽ രണ്ടാം സ്ഥാനത്താണ്.




രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും ഇടപെടലുകൾ ഞങ്ങളുടെ സ്കൂളിന്റെ യശസ്സ് ഉയർത്തുന്നു




**റവന്യു ജില്ല**

മലപ്പുറം

**വിദ്യാഭ്യാസ ജില്ല**

വണ്ടൂർ

**ഉപ ജില്ല**

അരീക്കോട്

**പ്രധാന അധ്യാപിക**

നസീറ ടീച്ചർ

**പി.ടി.എ പ്രസിഡന്റ്**

ടി.എ മനാഫ്

**എം.ടി. എ പ്രസിഡന്റ്**

ശക്കീല

# ഞങ്ങളുടെ വൈവിധ്യങ്ങൾ



മൂർക്കനാട് ഹൈസ്കൂളിൽ 2018 മുതൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് LK/2018/48086 എന്ന രജിസ്റ്റർ നമ്പറിൽ രണ്ട് യൂണിറ്റുകളിലായി35 കുട്ടികളുമായി ആരംഭിച്ചു ഈ വർഷം ഏഴാമത്തെ യൂണിറ്റ് 40 കുട്ടികളുമായി തുടരുന്നു ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന, ജില്ല സബ്ജില്ല ക്യാമ്പുകളിൽ നമ്മുടെ വിദ്യാർഥികൾ മികച്ച വിജയം കൈവരിച്ചിട്ടുണ്ട്






ഇന്ത്യയിലെ ഏറ്റവും വലിയ യുവജന സംഘടനകളിൽ ഒന്നാണ് National Cadet Corps (NCC) .16 ലക്ഷത്തിൽപരം വിദ്യാർഥികൾ ഈ സംഘടനയിൽ അംഗങ്ങളാണ്. കര-വ്യോമ-നാവികസേനകളുടെ സംയുക്ത രൂപത്തിലുള്ള സേവന പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതോടൊപ്പം അവരിൽ അച്ചടക്ക ബോധവും രാജ്യസ്നേഹവും വളർത്തുക എന്നതാണ് ഈ സംഘടനയുടെ ലക്ഷ്യം. സ്വാതന്ത്ര്യാനന്തരം കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിൻ കീഴിൽ എൻ. സി. സി ആക്ട് - 1948 അനുസരിച്ച് 1948 ഏപ്രിൽ 16 -ന് എൻ. സി. സി. നിലവിൽ വന്നു. രാജ്യത്തിന്റെ വിവിധ ഇടങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമായി ഏകദേശം 12000 -ത്തോളം അദ്ധ്യാപകർ ഈ സംഘടനയിൽ അസ്സോസിയേറ്റ് എൻ. സി. സി. ഓഫീസർമാരായി പരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. സാമൂഹിക സേവനത്തിനു ഊന്നൽ നൽകിക്കൊണ്ട് വിദ്യാർത്ഥികളിൽ അച്ചടക്കവും സാഹസിക പ്രവർത്തനങ്ങളിൽ പരിശീലനവും നൽകി അവരെ വളർത്തിയെടുക്കുക എന്നതാണ് എൻ. സി. സി. കൊണ്ട് ഉദ്ദേശിക്കുന്നത്.എൻ. സി. സി. യുടെ ആപ്തവാക്യം 'ഒത്തൊരുമയും അച്ചടക്കവും' എന്നതാണ്.

വിദ്യാർത്ഥികൾക്കിടയിൽ സ്വഭാവഗുണം , ധൈര്യം , സഹവർത്തിത്വം , അച്ചടക്കം , നേതൃത്വഗുണം , മതേതര മനോഭാവം, സാഹസിക മനോഭാവം , കായിക മനോഭാവം , സന്നധസേവന മനോഭാവം വളർത്താനും, നല്ലൊരു പൗരനാക്കി മാറ്റാനും,

സംഘടിതവും പരിശീലനം സിദ്ധിച്ചതും പ്രോത്സാഹനം ലഭിച്ചതുമായ മനുഷ്യസമ്പത്തിനെ വാർത്തെടുക്കുവാനും ജീവിതത്തിലെ എല്ലാ മേഖലകളിലും നേതൃത്വഗുണം പ്രകടിപ്പിക്കുവാനും കഴിവുള്ളവരാക്കുക എന്നത് എൻ.സി.സി യുടെ ലക്ഷ്യങ്ങളാണ്.

നമ്മുടെ വിദ്യാലയത്തിൽ 1986 മുതൽ NCC പ്രവർത്തിക്കുന്നുണ്ട്. പ്രദേശത്തെ ധാരാളം കുട്ടികൾ എൻ.സി.സി യിലൂടെ ഗ്രേസ് മാർക്കുകളും, ബോണസ് പോയിൻ്റുകളും, സ്കോളർഷിപ്പുകളും കരസ്ഥമാക്കി മികച്ച വിജയം നേടുകയും, ഉന്നത പഠനത്തിനു ശേഷം മികച്ച ജോലി സമ്പാദിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

1986 ൽ സി. രാമചന്ദ്രൻ മാസ്റ്ററുടെ കീഴിലാണ് ആദ്യമായി നമ്മുടെ സ്കൂളിൽ NCC ആരംഭിക്കുന്നത്.

1986 മുതൽ 2001 വരെ അദ്ദേഹത്തിന്റെ കീഴിലും തുടർന്ന് 2002 - 2020 വരെ കെ. മുഹമ്മദ് ഹനീഫ മാസ്റ്ററുമായിരുന്നു NCC ഓഫീസർ. 2021 മുതൽ NCC ഓഫീസറായി അനൂപ് മാസ്റ്റർ ചുമതല ഏറ്റെടുത്തു. തുടക്കകാലം മുതൽ സ്കൂൾ കാമ്പസ് മോടികൂട്ടുന്ന പ്രവർത്തനങ്ങളോടൊപ്പം ഒരുപാട് സാമൂഹ്യ പ്രവർത്തനങ്ങളിലും കാഡറ്റുകൾ വ്യാപൃതരാണ്.
കഴിഞ്ഞ വർഷം സ്വാതന്ത്ര്യദിനത്തിൽ ഇന്ത്യൻ സേനകളിൽ നിന്നും വിരമിച്ച മൂർക്കനാട് പരിസരത്തുള്ള വിമുക്തഭടൻമാരെ ആദരിക്കുന്ന ചടങ്ങും കാഡറ്റുകൾ നടത്തുകയുണ്ടായി.
കാമ്പസിലും സബ് ജില്ലയിലും വെച്ച് നടക്കുന്ന കലാ കായിക മേളകളുടെ നടത്തിപ്പിലും കാഡറ്റുകൾ അവരുടെതായ പങ്ക് വഹിക്കുന്നു.
രണ്ടാം വർഷ കാഡറ്റുകൾക്ക് NCC A Certificate പരീക്ഷക്ക് മുമ്പ് പത്ത് ദിന കാമ്പിലും, firing കാമ്പിലും പങ്കെടുക്കാൻ അവസരം ലഭിക്കുന്നു. നല്ല പ്രകടനം കാഴ്ചവക്കുന്നവർക്ക് RDC,Tal Sainik Camp, Trekking Camp,EBSB... പോലുള്ള ദേശീയ കാമ്പുകളിൽ അവസരം ലഭിക്കുന്നുണ്ട്.
ആൺകുട്ടികളും(JD), പെൺകുട്ടികളും(JW) ചേർന്ന് നൂറ് NCC കാഡറ്റുകളാണ് നമ്മുടെ വിദ്യാലയത്തിൽ ഉള്ളത്.
പ്രിയ വിദ്യാർത്ഥികളെ, ഇപ്പോൾ ലോകം ഒരു സമൂഹത്തിലേക്ക് ഉയർന്നുവരുന്നു, സാങ്കേതിക വിദ്യയുടെ ദ്രുതഗതിയിലുള്ള വികസനം കാരണം എല്ലാവരും എല്ലാം പടിപടിയായി ഇഴചേർന്നിരിക്കുന്നു.
വളർന്നുവരുന്ന ലോകത്തിലേക്ക് വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിന് ലിറ്റിൽ കൈറ്റിൻ്റെ പ്രാധാന്യം അനിവാര്യമാണ്. നിങ്ങൾക്ക് വളരെ സന്തോഷകരവും സമൃദ്ധവുമായ ഭാവി ആശംസിക്കുന്നു



മൂർക്കനാട് ഹൈസ്കൂളിൽ 2018 മുതൽ സ്കൗട്ട് യൂണിറ്റ് ആരംഭിച്ചു. വണ്ടൂർ വിദ്യാഭ്യാസ ജില്ലയിൽ അരിക്കോട് ലോക്കൽ അസോസിയേഷന് കീഴിലാണ് യൂണിറ്റ് നമ്പർ 156 പ്രവർത്തിക്കുന്നത്. രണ്ട് സ്കൗട്ട് യൂണിറ്റിലുകളിലായ് 48 കുട്ടികൾ  ഉണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിലും സ്കൗട്ട് യൂണിറ്റ് പ്രവർത്തിക്കുന്നു.എട്ടാം ക്ലാസിൽനിന്നും സ്കൗട്ടിൽ ചേരുന്ന വിദ്യാർത്ഥികൾ പത്താം ക്ലാസ് പൂർത്തിയാവുന്നതോടെ ഗവർണർ സാക്ഷ്യപ്പെടുത്തിയ രാജ്യപുരസ്കാർ യോഗ്യത കൈവരിക്കുന്നു. ഈ യോഗ്യത സർട്ടിഫിക്കറ്റ് വിദ്യാർത്ഥിയുടെ കരിയറിലെ മികവാർന്ന സർട്ടിഫിക്കറ്റിലൊന്നാണ്. പ്രവേശ്, പ്രഥമ സോപാൻ, ദ്വിതീയ സോപാൻ, തൃതീയ സോപാൻ തുടങ്ങിയ പരീക്ഷകൾക്ക് ശേഷമാണ് സ്കൗട്ട് രാജ്യപുരസ്കാർ  ടെസ്റ്റിന് യോഗ്യത നേടുന്നത്. സ്കൗട്ട് മോട്ടോ 'തയ്യാർ ' എന്ന ആപ്തവാക്യം നെഞ്ചേറ്റിയ പ്രവർത്തനങ്ങളാണ് ഓരോ സ്കൗട്ടും കാഴ്ചവെക്കുന്നത്.








മൂർക്കനാട് ഹൈസ്കൂളിൽ 2023 മുതൽ ഗൈഡ് യൂണിറ്റ് ആരംഭിച്ചു. വണ്ടൂർ വിദ്യാഭ്യാസ ജില്ലയിൽ അരിക്കോട് ലോക്കൽ അസോസിയേഷന് കീഴിലാണ് യൂണിറ്റ് നമ്പർ 156 പ്രവർത്തിക്കുന്നത്. രണ്ട് ഗൈഡ് യൂണിറ്റിലുകളിലായ് 32 കുട്ടികൾ ഉണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിലും ഗൈഡ് യൂ ണിറ്റ് പ്രവർത്തിക്കുന്നു.എട്ടാം ക്ലാസിൽനിന്നും ഗൈഡിൽ ചേരുന്ന വിദ്യാർത്ഥികൾ പത്താം ക്ലാസ് പൂർത്തിയാവുന്നതോടെ ഗവർണർ സാക്ഷ്യപ്പെടുത്തിയ രാജ്യപുരസ്കാർ യോഗ്യത കൈവരിക്കുന്നു. ഈ യോഗ്യത സർട്ടിഫിക്കറ്റ് വിദ്യാർത്ഥിയുടെ കരിയറിലെ മികവാർന്ന സർട്ടിഫിക്കറ്റിലൊന്നാണ്. പ്രവേശ്, പ്രഥമ സോപാൻ, ദ്വിതീയ സോപാൻ, തൃതീയ സോപാൻ തുടങ്ങിയ പരീക്ഷകൾക്ക് ശേഷമാണ് ഗൈഡ്സ് രാജ്യപുരസ്കാർ ടെസ്റ്റിന് യോഗ്യത നേടുന്നത്



SUBULUSSALAM HIGHER SECONDARY SCHOOL MOORKANAD

ആദ്യമായി സ്കൂളിൽ JRC തുടങ്ങുന്നത് 2012ൽ ആകുന്നു. അന്ന് ഒരു യൂണിറ്റ് മാത്രം ഉണ്ടായിരുന്നുള്ളു. ഹബീബ് മാസ്റ്റർ തന്നെ ആയിരുന്നു JRC യുടെ ആദ്യ യൂണിറ്റിന് നേതൃത്വം കൊടുത്തിരുന്നത്. ഇപ്പോൾ JRC ക്ക് നമ്മുടെ സ്കൂളിൽA Level, B Level, C Level ഇനങ്ങളിലായി 180 കുട്ടികളുണ്ട്. Abida Tr, Habeeb മാസ്റ്റർ എന്നിവർ കൗൺസിലർമാർ ആകുന്നു. SSLC കുട്ടികൾക്ക് ഗ്രേസ് മാർക്കിന് JRC യുടെ മാർക്ക് പരിഗണിക്കുന്നുണ്ട്..സ്കൂളിലെ Sports , Arts , അച്ചടക്ക മേഖകലളിൽ  JRC നല്ല പങ്ക് നിർവ്വഹിക്കുന്നുണ്ട്.. പാവപെട്ട കുട്ടികൾക്ക് വേണ്ടിയുള്ള വെള്ളിയാഴ്ച്ചകളിലെ കൈതാങ്ങ് പരിപാടിക്ക് കുട്ടികളിൽ നിന്നുള്ള കളക്ഷൻ JRC കുട്ടികളാണ് പിരിക്കുന്നത് ..

ഓരോ വർഷവും JRC യുടെ നേതൃത്വത്തിൽ അനാഥ, അഗതി സന്ദർശനം, പഠന യാത്ര എന്നിവ നടത്താറുണ്ട്



# ലഹരി

അരുതേ അരുതേ ചങ്ങാതികളെ ലഹരിക്ക് അടിമകളാകുന്ന കരുതി ലഹരി തകർക്കും
നമ്മുടെ ജീവിതം അറിയാൻ ഒട്ടും വൈകരുത്
ഒരു നേരത്തി കൗതുകം ഓർത്ത് വലിയൊരു കെണിയിൽ ചാടരുത്
പുറത്തു ചാടാൻ കഴിയാത്ത വിടെ തള്ളും എന്നു മറക്കരുത് വരിഞ്ഞു മുറുക്കും
കൈകൾക്കിടയിൽ ഞെരിഞ്ഞമർന്നു കിടക്കുമ്പോൾ
കോഴിയും നല്ല ദിനങ്ങൾ
കഴിഞ്ഞിട്ടും നീ വൈകാതെ
അരുതേ അരുതേ ചങ്ങാതികളെ ലഹരിക്ക് അടിമകളാകുന്ന ലഹരി തകർക്കും നമ്മുടെ
ജീവിതം അറിയാൻ ഒട്ടും വൈകരുത്

**Adarsh pk**
**8j**



# തുള്ളൽ പീഡ

----------------------

എന്നാലിനിയൊരു കഥയുര ചെയ്യാം
എന്നുടെ ഗുരുവരനരുളിയ പോലെ

ആണിനു മോഹം പലവിധമാണേ
പെണ്ണിന് മേലും പൊന്നിന് മേലും

ആറുമാസം തികഞ്ഞ പൈതലും
പതിനാറു തികഞ്ഞവളെയും
കാമകണ്ണാൽ നോക്കിതു
കഴുകൻ

കൈ വളരുന്നതും ,കാൽ വളരുന്നതും
നോക്കി വളർത്തിയ
കുഞ്ഞിനെ പിന്നെ
പൊന്നു കൊടുത്ത്
മിന്നു കൊടുത്ത്
ഇണയെ തേടി നടക്കുന്നിതു ചിലർ

കള്ള് കുടിച്ച്
ബീഡി വലിച്ച്
പെണ്ണ് പിടിച്ച്
നടക്കും അവനോ
മർദ്ദിക്കുന്നൂ
ക്രൂദ്ധിക്കുന്നു
കലഹം ഇങ്ങനെ പലവിധമാണെ....
കനകം മൂലം കാമിനി മൂലം



പൂർണിമ. എം
10k

# സംഭാഷണം: കൊറോണയും ഒമിക്രോണും .....

( കൊറോണ പത്രത്തിൽ ഒരു വാർത്ത കണ്ടു.
"പുതിയ തരം പകർച്ച വ്യാധി ലോകത്തെ കുഴപ്പത്തിലാക്കുന്നു .
ഒമിക്രോൺ എന്നാണ് ആ വൈറസിന്റെ പേര്. " )
കൊറോണ: ആഹാ നല്ല കോളാണല്ലോ !!! പുതിയൊരാളെ കിട്ടിയിരിക്കുന്നു. ഇക്കണ്ട ആളുകളെ ഞാൻ ഒറ്റക്ക് കൊന്നു മടുത്തു. ഇനി ആ ലവനെയും കൂട്ടാം. ജനങ്ങളുടെ സാംസ്കാരികം നിറഞ്ഞ പഴിയും ഒറ്റങ്ങ് വിഴുങ്ങണ്ടല്ലോ .... അവന്റെ അഡ്രസ്സ് ഒന്ന് കിട്ടുവോ ആവോ ?...

(അങ്ങനെ കൊറോണ ഒമി ക്രോണിന്റെ അഡ്രസ്സ് കണ്ട് പിടിച്ചു : , ഫോൺ വിളിച്ചു.
കൊറോണ : ഹലോ ഒമിക്രോൺ അളിയൻ അല്ലെ ?
ഒമിക്രോൺ : അതെ ഇതാരാ?
കൊറോണ: അളിയാ നീ തിരക്കിലാണോ?
ഒമിക്രോൺ: അതെ ഞാനിവിടെ ഒരുത്തനിൽ പാർക്കനുള്ള ഒരുക്കത്തിലാണ് . നീ ആരാ പേര് പറഞ്ഞില്ല.
കൊറോണ: എടാ ഞാൻ കൊറോണയാടാ!!! നിൻറെ വർഗ്ഗം തന്നെ. ഞാനിപ്പോ മനുഷ്യരുടെ വായിൽ നിന്നറങ്ങാരില്ല. ഇപ്പോഴും എല്ലാവരും എന്നെ കൊല്ലാൻ ഉള്ള ശ്രമത്തിലാണ്.
ഒമിക്രോൺ : എടാ..... മുത്തേ.... നീയോ.. നീ എന്നെ കൂടെ ഒന്ന് പ്രശ്സ്ഥനാക്കുമോ. കൊതിയാവുന്നു.
കൊറോണ: അതിനു തന്നെയാ ഞാൻ നിന്നെ വിലിച്ചെ.
ഓമിക്രോൺ: ഓ ഞാൻ മനസ്സിൽ കണ്ടത് നീ മാനത്ത് കണ്ടു. അല്ലളിയ....
കൊറോണ: അതെ.... നീ ഞാൻ പറയുന്ന ത് ശ്രദ്ധിച്ച് കേട്ടോ!!..
ഓമിക്രോൺ: ഓക്കേ പറളിയ

(കൊറോണ തുടങ്ങി).
കൊറോണ: എടാ.... ഇത്രനാൾ ഓരോ രാജ്യങ്ങളിലേക്കും യാത്ര ചെയ്ത് ഞാൻ മുഷിഞ്ഞു. മേലാകെ വേദന. എൻറെ മുത്തച്ഛനോട് പറഞ്ഞപ്പോ കുറച്ച് നാൾ എന്നോട് റെസ്റ്റ് എടുക്കാൻ പറഞ്ഞു. ഇനി ഞാനൊരു ബ്രേക്ക് എടുക്കട്ടെ ...
ഓമിക്രോൺ : മതി.....മതി.....മതി.... ബാക്ക് ഞാൻ പറയാം. നീ വിശ്രമിക്കുമ്പോൾ ഞാൻ പണി ചെയ്താ പോരെ...
കൊറോണ: (ചിരിച്ചു കൊണ്ട്) അതെയതെ,അത് മാത്രം മതി maximum അധ്വാനിക്കണം.
ഓമിക്രോൺ : ഇനി ഞാനീ നാട്ടിൽ ഒരു താജ്മഹൽ പണിയും.
(എന്ന് പറഞ്ഞു കൊണ്ട് സഹായിച്ച കൂട്ടുകാരനോട് bye പോലും പറയാതെ ഓമിക്രോൺ ഫോൺ വെച്ചു.)
കൊറോണ: മണ്ടൻ , ഞാനിവിടെ റെസ്റ്റിലും, അവനവിടെ പണിയും.
(ഇതേ സമയം അങ്ങ് ചൈനയിൽ ഓമിക്രോൺ )
ഓമിക്രോൺ : പിന്നേ,, ഞാനിപ്പോ കുറേ ഉണ്ടാക്കും. എനിക്കെങ്ങും വയ്യ.ഒറ്റക്ക് ജോലി ചെയ്യാൻ famous ആവാൻ മാർഗം ഉണ്ടോന്ന് നോക്കട്ടെ...

(ഇങ്ങനെയായാൽ)
ലെ മനുഷ്യൻ: നിങ്ങൾ അലസന്മാരായാൽ ഞങ്ങൾക്ക് പരോൾ കിട്ടിയ പോലെയാകും



HANAN M






# HOW TO BECOME HAPPY

Forget your past
dont think about your future
livein present
Becouse
YOu cant change your Past
You cant go to your future
But
You can do Anything in present
So do anything to do
that make you




# सुन्हरा पल

एक बार मैं वहाँ गया तो
वर्णमाला का पेड़ देखा ।

मन वहाँ जाने को ललचाया मेरा वह शानदार पेड के पास
।

अपने अंदर कुछ महसूस हुआ मुझे जैसा पहले महसूस
किया मैंने।

,मेरा हर धड़कन जानता थी

वह एहसास को वो खूबसूरत पलों का एहसास ।

मेरे हर कदम में है

वो अविस्मरणीय यादों।

इस ज्ञान की गोद में वे, मेरे लिए स्वर्णिम पलें थे।

.दवा की तरह थीं

वो यादें मेरे लिए।

,मेरे लिए कुछ खास चीज़ थीं

वो खुशी, उल्लास और तनाब राहत यादें ।।

? फिर कैसे चुराई जा सकती मुझसे ऐसी कोई चीज़



## ثَلاثٌ مُدْنِ اشْتَهَرَتْ بِالْإِسْلَامِ
## القدس

الغُدُوسٌ فِي الْمَدِينَةُ الثَّالِثَةُ عِنْدَ الْمُسْلِمِينَ . لأَنَّ فِيمَا

الْمَسْجِدَ الْأَقْصَى الْمُبَارَكَ

سُبْنَا سُبْحْنَ الَّذِي أَسْرَى بِعَبْدِهِ ، لَيْلاً مِّنَ الْمَسْجِدِ الْحَرَامِ إِلَى الْمَسْجِدِ الْأَقْضا الَّذِي بِرَكْنَا حَوْلَهُ
لِيُرِيَهُ وَ مِنْ ها ا يتنَا إِنَّهُ هُوَ السَّمِيعُ البَصِيرُ

المَسجِدِ الْأَقْصَى أُولَى الْقِبْلَتَيْنِ القُدُوسٌ عَاصِمَةٌ فَلَسْتين ؛ اغْتَصَبَهَا الْيَهُودُ عَام ١٩٣٨ ميلادية
نَدْعُوا الله سُبْعَانَهُ لِيَجْرِيرِ الْقُدُوسِ مِنْ أَيْدِي
المر الْيَهُودِ الظَّالِمة

# പുകഞ്ഞ കൊള്ളി

എരിഞ്ഞു തീർന്ന ചാരമായ്
അടിപ്പു കൊള്ളി ഞാൻ!
വിടർന്നടർന്ന പൂവുപോൽ
ഉണങ്ങി ജീവിതം
കാലുപോയ കണ്ണുപോയ
മന്നനിന്നിതാ
ആടിടുന്നു പാടിടുന്നു
ശിരസ്സുയർത്തിതാ
നോക്കെടാ മനുഷ്യരേ
നോക്കിനോക്കെടാ....
നീ എരിഞ്ഞുതീർന്ന ചാരമായ്
അടുപ്പുകൊള്ളി ഞാൻ

- പൂർണ്ണിമ

## പ്രാണി

പ്രണയനോവുമാറാത്ത പ്രാണി
വിരഹം വിതുമ്പിന്ന മിണ്ടാപ്രാണി
നിഴലും മരിച്ചു, നിനവും മരിച്ചു
ത്രാണിയില്ല, പ്രാണനില്ല
ഇനിയും നിലക്കാത്ത
പ്രണയം മാത്രം

## ഒതുക്കിവച്ചത്

നാവാലെറിഞ്ഞ കത്തി
നെഞ്ചിലൊതുങ്ങി
നാകമായ് തീർന്നു.

## ഞാൻ

ചിരിച്ചതും നീ, ചിരിപ്പിച്ചതും നീ
കവിളിലൂടിറങ്ങിയ കണ്ണീർത്തുടച്ചതും നീ
കവിളിൽ വിരൽപ്പാടുകൾ സമ്മാനിച്ചതും നീ
താലിചാർത്തിയതും നീ
അതുപൊട്ടിച്ചെറിഞ്ഞതും നീ
അവസാനം കൊന്നത് ഞാൻ

- പൂർണ്ണിമ

# सुभाषितम्

न चोरहार्यं न च राजहार्यम्
न भ्रातृभाज्यं न च भारकारि ।
व्ययं कृते वर्धत एव नित्यं
विद्याधनं सर्वधनात् प्रधानम् ।।



കള്ളന്മാർക്ക് അപഹരിക്കാൻ കഴിയാത്തതും, രാജാവിന് കണ്ട്കെട്ടാൻ സാധിക്കാത്തതും, സഹോദരന്മാർക്ക് വീതിച്ചുകൊടുക്കേണ്ടാത്തതും, ഭാരമില്ലാത്തതും എന്നാൽ കൊടുക്കുംതോറും വർദ്ധിക്കുകയും ചെയ്യുന്ന ഒന്നാണ് വിദ്യ. അതുകൊണ്ട് തന്നെ വിദ്യാധനം മറ്റു എല്ലാ ധനത്തെക്കാളും പ്രമുഖവും പ്രാധാന്യവും ഉള്ളതാകുന്നു.



## لا تبث بصحتك

| | |
|---|---|
| مظفر النفورُ مِن الفوَالِيهِ تُنكِرُ | فَتُضُوْ عَلَى المُقلِ السَّلِيم نظر |
| فِي اللَّه فِيهَا المَوَاحِد تُنْمِرُ | وَكيف التي صُنعُ الفوَاكِهِ نَفْرَةٌو |
| هُمْ لُؤْتو نِعْمَ الآلِهِ وَتولوا | تِلْكَ الهَوَاكِهِ لِلْمُقول تنفّر |
| سكرانِ ينظر لِلْحَيَاةِ كَأنّهُ | مِلِك عَلَى كُلّ الأمُور يُسَيطِرُ |
| وَالْمَرْأَةُ يَعْقِهُ وَالغفورُ صَوَابه | وَبَقِيتُ فِي الأَرْضِ الفُسَادِ وَيُكْسِرُ |
| هُمْ مِن بُيُوب عُرْضَنَةٌ لِتَفَكّك | ئْسَ الشَّرَابُ وَاللبْوتِ يُفَجّرُ |
| تقع الحَوَادِتْ وَالْكَوَارِث جَمَّةَ | ب خَمْرَ عَظاهِرَة الجُنون |
| سُكْرانُ يَهْدِمُ مَا بَنَاهُ بنفسِهِ | تُمْرُ يُبْقَى بِقَارِعَةِ الطَّرِيق يُثْرّيرُ |
| قَدْ يَزْعُمُ البَعْضُ الدَّوَاءَ لِعِلَّةٍ | دَاءٌ بِهِ صَفف العُقُولِ يَكَدَّرُ |
| عَبثًا لِمَن شَرِبَ الغُفُورُ ويَدَّعِي | فيها الهروب من المشاكل يُدير |

QUALITY
EDUCATION THROUGH
QUALITY ENVIRONMENT

# ADMISSION NOW OPEN 2024

## ADMISSION STARTS FROM

## 01 APRIL 2024

**CONTACT :**

**ph** : 9400853300, 8590171136

**g-mail:** subulussalamhss@gmail.com

## ABOUT US

The one and only Government Aided Higher Secondary School in Urangattiri panchayath in Malappuram district of Kerala state of India with all facilities to mould future of nation.

